www.gospelinmalayalam.com

## CHAPTER: 3

### 3:1-9 വിശ്വാസത്യാഗം സംഭവിക്കും എന്ന മുന്നറിയിപ്പ്

3:1 അന്ത്യകാലത്ത് ദുർഘട സമയങ്ങൾ വരും എന്നറിയുക.

വളരെ വ്യക്തമായി നാം നിവസിക്കുന്ന ഈ കാലഘട്ടത്തെപ്പറ്റി വി. പൗലൂസിനു വെളിപ്പെട്ടു.

സ്വർഗ്ഗത്തിലെ ദൈവമത്രെ അതു വെളിപ്പെടുത്തിയത്.

വി. പൗലൂസ് ഈ ലേഖനം എഴുതിയ കാലം മുതൽ ഇന്നുവരെ ലോകത്തിൽ എന്തെല്ലാം മാറ്റങ്ങൾ നടന്നു.

കഴിഞ്ഞ ഏതാണ്ട് 70 വർഷങ്ങൾ ലോകം ആസകലം മാറ്റം ദർശിച്ചു.

ഭരണക്രമങ്ങൾ മാറി. അനേക രാജ്യങ്ങൾ സ്വതന്ത്രമായി, ഭരണ വ്യവസ്ഥ മാറി.

രണ്ടാം ലോകമഹായുദ്ധത്തിനു ശേഷം ലോകം വളരെ വേഗം പുരോഗമിച്ചു.

കമ്പ്യൂട്ടർ യുഗം ആരംഭിച്ച നാൾ മുതൽ അതിലൂടെയും വിപ്ലവകരമായ മാറ്റങ്ങൾ സംഭവിച്ചു.

എന്നാൽ ഈ പുരോഗതികളെ വെല്ലുന്ന രീതിയിൽ ലോകം ആസകലം ധാർമ്മിക മൂല്യങ്ങൾ അധഃപതനത്തിൽ താണ തട്ടിൽ എത്തി നിൽക്കുന്നു.

വി. പൗലൂസിന് അത് ഇന്നേയ്ക്ക് ഏകദേശം 2000 വർഷം മുമ്പേ തന്നെ വെളിപ്പെട്ടു കിട്ടി.

വി. പൗലൂസ് റോമാ ലേഖനം എഴുതിയപ്പോൾ മനുഷ്യനു സംഭവിച്ച ദുർമ്മാർഗ്ഗ ജീവിതത്തെപ്പറ്റി ഏറെ വിവരിച്ചു. Rom 1: 28-32

Rom 1: 28-32 *ദൈവത്തെ പരിജ്ഞാനത്തിൽ ധരിപ്പാൻ ഇഷ്ടമില്ലാഞ്ഞതിന്നു തക്കവണ്ണം ദൈവം അവരെ ഉചിതമല്ലാത്തതു ചെയ്!വാൻ നികൃഷ്ടബുദ്ധിയിൽ ഏല്പിച്ചു. അവർ സകല അനീതിയും ദുഷ്ടതയും അത്യാഗ്രഹവും ദുർബ്ബുദ്ധിയും നിറഞ്ഞവർ; അസൂയ, കുല, പിണക്കം, കപടം, ദുശ്ശീലം എന്നിവ തിങ്ങിയവർ, കുരളക്കാർ, ഏഷണിക്കാർ, ദൈവദ്വേഷികൾ, നിഷ്ഠൂരന്മാർ, ഗർവ്വിഷ്ഠന്മാർ, ആത്മപ്രശംസക്കാർ, പുതുദോഷം സങ്കല്പിക്കുന്നവർ, മാതാപിതാക്കന്മാരെ അനുസരിക്കാത്തവർ, ബുദ്ധിഹീനർ, നിയമലംഘികൾ, വാത്സല്യമില്ലാത്തവർ, കനിവറ്റവർ ഈ വക പ്രവൃത്തിക്കുന്നവർ മരണയോഗ്യർ എന്നുള്ള ദൈവന്യായം അവർ അറിഞ്ഞിട്ടും അവയെ പ്രവർത്തിക്ക മാത്രമല്ല പ്രവർത്തിക്കുന്നവരിൽ പ്രസാദിക്കയുംകൂടെ ചെയ്യുന്നു.*

അതിനുശേഷം പൗലൂസിന്റെ ജീവിതാവസാനത്തിൽ തിമോത്തിയെ എഴുതി അറിയിച്ചു. ഈ നാം വസിക്കുന്ന അന്ത്യനാളുകളിൽ മനുഷ്യനിൽ ഉണ്ടാകുന്ന ഭയങ്കരമായ മൂല്യശോഷണം.

3:2-5 തിമോത്തിക്കെഴുതിയ മനുഷ്യന്റെ മൂല്യശോഷണത്തിന്റെ ലിസ്റ്റ്

1. സ്വസ്നേഹികൾ - Lovers of themselves
2. ദ്രവ്യാഗ്രഹികൾ - Lovers of money (1 Tim 6:9-10)

1 Tim 6:9-10 *ധനികന്മാരാകുവാൻ ആഗ്രഹിക്കുന്നവർ പരീക്ഷയിലും കെണിയിലും കുടുങ്ങുകയും മനുഷ്യർ സംഹാരനാശങ്ങളിൽ മുങ്ങിപോകുവാൻ ഇടവരുന്ന മൌഢ്യവും ദോഷകരവുമായ പല മോഹങ്ങൾക്കും ഇരയായിത്തീരുകയും ചെയ്യുന്നു. ദ്രവ്യാഗ്രഹം സകലവിധ ദോഷത്തിന്നും മൂലമല്ലോ. ഇതു ചിലർ കാംക്ഷിച്ചിട്ടു വിശ്വാസം വിട്ടുഴന്നു ബഹുദുഃഖങ്ങൾക്കു അധീനരായിത്തീർന്നിരിക്കുന്നു.*

3. വമ്പു പറയുന്നവർ - Boastful
4. അഹങ്കാരികൾ - Proud (Arrogant)
5. ദൂഷകന്മാർ - Abusive towards others (Blasphemers)

fleettech@gmail.com

www.gospelinmalayalam.com

6. അമ്മയപ്പന്മാരെ അനുസരിക്കാത്തവർ - Disobedient to parents
7. നന്ദികെട്ടവർ - Ungrateful
8. വാത്സല്യമില്ലാത്തവർ - Without love
9. അശുദ്ധർ - Unholy (Rom 1:31)
10. ഇണങ്ങാത്തവർ - Unforgiving
11. ഏഷണിക്കാർ - Slanderous
12. അജിതേന്ദ്രിയന്മാർ - Without self control
13. ഉഗ്രന്മാർ - Brutal (Uncivilized, untamed)
14. സൽഗുണ ദ്വേഷികൾ - Not lovers of good (Titus 1:8, Pslam 15:4)
15. ദ്രോഹികൾ - Treacherous, disposed towards betrayal
16. ധാഷ്ഠ്യക്കാർ - Rash, disposed towards betrayal
17. നിഗളികൾ - Pufled up, heady, highminded (1 Tim 6:4, 1 Tim 3:6)
18. ദൈവപ്രിയമില്ലാതെ ഭോഗപ്രിയർ - Lovers of pleasure more than lovers of God
19. ഭക്തിയുടെ വേഷം ധരിച്ച് അതിന്റെ ശക്തി ത്യജിക്കുന്നവർ.
    Having a form of godliness but denying its power

Rom 1:31 *ബുദ്ധിഹീനർ, നിയമലംഘികൾ, വാത്സല്യമില്ലാത്തവർ, കനിവറ്റവ*

Titus 1:8 *അതിഥിപ്രിയനും സൽഗുണപ്രിയനും സുബോധശീലനും നീതിമാനും നിർമ്മലനും ജിതേന്ദ്രിയനും പത്ഥ്യോപദേശത്താൽ പ്രബോധിപ്പിപ്പാനും വിരോധികൾക്കു ബോധം വരുത്തുവാനും ശക്തനാകേണ്ടതിന്നു ഉപദേശപ്രകാരമുള്ള വിശ്വാസ്യവചനം മുറുകെപ്പിടിക്കുന്നവനും ആയിരിക്കേണം.*

Pslam 15:4 *വഷളനെ നിന്ദ്യനായി എണ്ണുകയും യഹോവാഭക്തന്മാരെ ബഹുമാനിക്കയും ചെയ്യുന്നവൻ; സത്യംചെയ്തിട്ടു ചേതം വന്നാലും മാറാത്തവൻ*

1 Tim 3:6 *നിഗളിച്ചിട്ടു പിശാചിന്നു വന്ന ശിക്ഷാവിധിയിൽ അകപ്പെടാതിരിപ്പാൻ പുതിയ ശിഷ്യനും അരുതു.*

ഈ വെളിപ്പാട് അന്ത്യകാലത്ത് പൂർണ്ണമായി സംഭവിക്കും എന്ന് അറിയാമെങ്കിലും ഈ പൈശാചിക ബീജം എഫെസൂസിലെ സഭയിൽ തന്നെ കണ്ടു തുടങ്ങിയതായി പൗലൂസ് മനസ്സിലാക്കി. തിമോത്തിക്കു വേണ്ട മുന്നറിയിപ്പു കൊടുക്കുക എന്ന ലക്ഷ്യവും ഈ ലേഖനത്തിനുണ്ട്.

Timothy be on alert. സാത്താൻ വെറുതെയിരിക്കുകയില്ല. സൂക്ഷ്മതയോടെ പ്രവർത്തിക്കുക.

ഭക്തിയുടെ വേഷംധരിച്ച് അതിന്റെ ശക്തി ത്യജിക്കുന്നവരെ, ഭോഗപ്രിയരായി, ദൈവപ്രിയമില്ലാതെ നടക്കുന്നവരെ വിട്ട് ഒഴിഞ്ഞുകൊള്ളണം. ഇത് ഇന്നത്തെ വിശ്വാസികൾക്കുള്ള മുന്നറിയിപ്പത്രെ.

3:6-7 കപട ഉപദേശക്കാർ എങ്ങനെ ക്രിസ്തീയ സമൂഹത്തിൽ നുഴഞ്ഞു കയറുന്നു? വി. പൗലൂസ് അതു വ്യക്തമാക്കുന്നു. ബലഹീനമായവരെ സ്വാധീനിക്കുന്നു. വിശ്വാസത്തിൽ ബലഹീനമായ link ശത്രു ഉന്നം വയ്ക്കുന്നു. നുഴഞ്ഞു കയറാൻ അതാണ് ശത്രു ഉപയോഗിക്കുന്ന വഴി.

വി. പൗലൂസ് ഈ വകക്കാരെ തുറന്നു കാട്ടുന്നു

“പാപങ്ങളെ ചുമന്നുകൊണ്ട് നാനാ മോഹങ്ങൾക്കും അധീനരായി എപ്പോഴും പഠിച്ചിട്ടും ഒരിക്കലും സത്യത്തിന്റെ പരിജ്ഞാനം പ്രാപിപ്പാൻ കഴിയാത്ത പെണ്ണുങ്ങൾ”.

fleettech@gmail.com

www.gospelinmalayalam.com

ഈ വകക്കാരെ ശത്രു ഉന്നം വെയ്ക്കുന്നു. സ്വാധീനിക്കുന്നു.

ഇവിടെ വി. പൗലൂസ് കപട ഉപദേശവും ധാർമ്മിക അധപതനവും തമ്മിലുള്ള ബന്ധത്തെ തുറന്നുകാട്ടുന്നു.

ജഡിക മനുഷ്യർ, ധാർമ്മികമായി അധപതിച്ചവർ - ഇവരിലും കപട ഉപദേശകർ നുഴഞ്ഞു കയറുന്നു.

സത്യം അറിഞ്ഞിട്ടും സത്യത്തിന്റെ പരിജ്ഞാനം പ്രാപിപ്പാൻ കഴിയാത്തവർ

കപട ഉപദേശത്തിൽ കുരുങ്ങുന്നത് ഇത്തരക്കാരത്രെ. They are easy targets for false doctrines.

ഒരിക്കൽ സുവിശേഷത്തിനായി ത്യാഗം ചെയ്ത പാശ്ചാത്യ ക്രിസ്തീയ സമൂഹം ഇന്ന് ഈ രണ്ടുവിധ ദോഷങ്ങൾ തങ്ങളിൽ കടക്കാൻ വഴി തുറന്നു കൊടുത്തു. ജഡമോഹവും ധാർമ്മിക അധഃപതനവും.

അതു സത്യവിശ്വാസം തന്നെ അവരുടെ ഇടയിൽ നിന്നും നഷ്ടപ്പെടുവാൻ കാരണമായി Eph 4:14.

Eph 4:14. *അങ്ങനെ നാം ഇനി മനുഷ്യരുടെ ചതിയാലും ഉപായത്താലും തെറ്റിച്ചുകളയുന്ന തന്ത്രങ്ങളിൽ കുടുങ്ങിപ്പോകുവാൻ തക്കവണ്ണം ഉപദേശത്തിന്റെ ഓരോ കാറ്റിനാൽ അലഞ്ഞുഴലുന്ന ശിശുക്കൾ ആയിരിക്കാതെ*

3:8-9 മോശയക്ക് എതിരായി നിന്ന രണ്ട് മിശ്രയീമ്യ മന്ത്രവാദികളാണ് യന്നേസും യംബ്രേസും. ഇവരുടെ പേര് പുറപ്പാട് പുസ്തകത്തിൽ കൊടുത്തിട്ടില്ല. എന്നാൽ യിസ്രായേല്യരുടെ ഇടയിൽ ഈ പേരുകൾ പ്രസിദ്ധമായിരുന്നിരിക്കും. (By Vocal Legands)

Exo 7:1, Exo 9:11 (മന്ത്രവാദികളുടെ പ്രവൃത്തിയും അവർക്കു കൊടുത്ത ശിക്ഷയും ഇവിടെ കാണാം).

Exo 7:1 *യഹോവ മോശെയോടു അരുളിച്ചെയ്തതു: നോക്കു, ഞാൻ നിന്നെ ഫറവോന്നു ദൈവമാക്കിയിരിക്കുന്നു; നിന്റെ സഹോദരൻ അഹരോൻ നിനക്കു പ്രവാചകനായിരിക്കും.*

Exo 9:11 *പരുനിമിത്തം മന്ത്രവാദികൾക്കു മോശെയുടെ മുമ്പാകെ നില്പാൻ കഴിഞ്ഞില്ല; പരു മന്ത്രവാദികൾക്കും എല്ലാ മിസ്രയീമ്യർക്കും ഉണ്ടായിരുന്നു.*

1 Tim 6:5 കപട ഉപദേശവുമായി സഭയിൽ കടന്നുവരുന്നവരെ "ഒന്നും തിരിച്ചറിയാതെ തർക്കത്തിന്റെയും വാഗ്വാദത്തിന്റെയും ഭ്രാന്തു പിടിച്ചുയിർത്തിരിക്കുന്നവർ" എന്നാണ് വി. പൗലൂസ് വിളിച്ചത്.

1 Tim 6:5 *ദൂഷണം, ദുസ്സംശയം, ദുർബ്ബുദ്ധികളും സത്യ ത്യാഗികളുമായ മനുഷ്യരുടെ വ്യർത്ഥ്യവാദം എന്നിവ ഉളവാകുന്നു; അവർ ദൈവഭക്തി ആദായസൂത്രം എന്നു വിചാരിക്കുന്നു.*

യന്നേസിനെയും യംബ്രേസിനെയും പോലെ തന്നെ ഈ കപട ഉപദേശകരെയും സത്യവിശ്വാസികൾ തിരിച്ചറിഞ്ഞ് തിരസ്കരിച്ച് കളയണം. ദൈവം അവരെ Reject ചെയ്തിരിക്കുന്നു.

3:10-11 ഇവിടെ വി.പൗലൂസ് തന്റെ ജീവിതവും ഉപദേശങ്ങളും സഹിഷ്ണതയ്ക്കുള്ള 'മാതൃക'യായി തിമോത്തിയെ ഓർപ്പിക്കയാണ് ചെയ്യുന്നത്.

കപട ഉപദേശകരും സത്യ ഉപദേശകനായ അപ്പോസ്തലനും തമ്മിലുള്ള വ്യത്യാസം ഇവിടെ പ്രകടമാക്കുന്നു.

വി.പൗലൂസിന്റെ മാതൃക എന്തിലെല്ലാം തെളിഞ്ഞു നിൽക്കുന്നു.?

പൗലൂസിന്റെ ഉപദേശം, നടപ്പു, ഉദ്ദേശം, വിശ്വാസം, ദീർഘക്ഷമ, സ്നേഹം, സഹിഷ്ണത എന്നിവയിൽ വ്യക്തമായി ദർശിക്കും.

fleettech@gmail.com

www.gospelinmalayalam.com

അതുപോലെ തന്നെ ഇക്കോന്യയിലും, ലുസ്ത്രയിലും പൗലൂസ് സഹിച്ച കഷ്ടങ്ങൾ സാക്ഷ്യമായി നിൽക്കുന്നു.

Acts 13:14, 50-51, Acts 14:4-6, 19-21, Acts 16:1 ഇതു തിമോത്തിക്കു നല്ലവണ്ണം അറിവുള്ള വിഷയം.

Acts 13:14 — *അവരോ പെർഗ്ഗയിൽനിന്നു പുറപ്പെട്ടു പിസിദ്യാദേശത്തിലെ അന്ത്യൊക്ക്യയിൽ എത്തി ശബ്ബത്ത് നാളിൽ പള്ളിയിൽ ചെന്നു ഇരുന്നു.*

Acts 13:50-51 — *യെഹൂദന്മാരോ ഭക്തിയുള്ള മാന്യസ്ത്രീകളെയും പട്ടണത്തിലെ പ്രധാനികളെയും ഇളക്കി പൌലൊസിന്റെയും ബർന്നബാസിന്റെയും നേരെ ഉപദ്രവമുണ്ടാക്കി അവരെ തങ്ങളുടെ അതിരുകളിൽ നിന്നു പുറത്താക്കിക്കളഞ്ഞു. എന്നാൽ അവർ തങ്ങളുടെ കാലിലെ പൊടി അവരുടെ നേരെ തട്ടിക്കളഞ്ഞു ഇക്കോന്യയിലേക്കു പോയി.*

Acts 14:4-6 — *എന്നാൽ പട്ടണത്തിലെ ജനസമൂഹം ഭിന്നിച്ചു ചിലർ യെഹൂദന്മാരുടെ പക്ഷത്തിലും ചിലർ അപ്പൊസ്തലന്മാരുടെ പക്ഷത്തിലും ആയി. അവരെ അവമാനിപ്പാനും കല്ലെറിവാനും ജാതികളും യെഹൂദന്മാരും അവിടത്തെ പ്രമാണികളോടുകൂടി ഒരു ആക്രമം ഭാവിച്ചപ്പോൾ അവർ അതു ഗ്രഹിച്ചു ലുസ്ത്ര, ദെർബ്ബ ഇന്ന ലുക്കവോന്യപട്ടണങ്ങളിലേക്കും ചുറ്റുമുള്ള ദേശത്തിലേക്കും*

Acts 19:21 — *ഇതു കഴിഞ്ഞിട്ടു പൌലൊസ് മക്കെദോന്യയിലും അഖായയിലും കൂടി കടന്നു യെരൂശലേമിലേക്കും പോകേണം എന്നു മനസ്സിൽ നിശ്ചയിച്ചു: ഞാൻ അവിടെ ചെന്നശേഷം റോമയും കാണേണം എന്നു പറഞ്ഞു.*

Acts 16:1 — *ദെർബ്ബെയിലും ലുസ്ത്രയിലും ചെന്നു. അവിടെ വിശ്വാസമുള്ളോരു യെഹൂദസ്ത്രീയുടെ മകനായി തിമൊഥെയൊസ് എന്നു പേരുള്ള ഒരു ശിഷ്യൻ ഉണ്ടായിരുന്നു. അവന്റെ അപ്പൻ യവനനായിരുന്നു.*

3:12-13 — ക്രിസ്തു യേശുവിൽ ഭക്തിയോടെ ജീവിപ്പാൻ മനസ്സുള്ളവർക്ക് എല്ലാം ഉപദ്രവം ഉണ്ടാകും. John 15: 18-21

John 15: 18-21 — *ലോകം നിങ്ങളെ പകെക്കുന്നു എങ്കിൽ അതു നിങ്ങൾക്കു മുമ്പെ എന്നെ പകെച്ചിരിക്കുന്നു എന്നു അറിവിൻ. നിങ്ങൾ ലോകക്കാർ ആയിരുന്നു എങ്കിൽ ലോകം തനിക്കു സ്വന്തമായതിനെ സ്നേഹിക്കുമായിരുന്നു; എന്നാൽ നിങ്ങൾ ലോകക്കാരായിരിക്കാതെ ഞാൻ നിങ്ങളെ ലോകത്തിൽ നിന്നു തിരഞ്ഞെടുത്തതുകൊണ്ടു ലോകം നിങ്ങളെ പകെക്കുന്നു. ദാസൻ യജമാനനെക്കാൾ വലിയവനല്ല എന്നു ഞാൻ നിങ്ങളോടു പറഞ്ഞ വാക്കു ഓർപ്പിൻ. അവർ എന്നെ ഉപദ്രവിച്ചു എങ്കിൽ നിങ്ങളെയും ഉപദ്രവിക്കും; എന്റെ വചനം പ്രമാണിച്ചു എങ്കിൽ നിങ്ങളുടേതും പ്രമാണിക്കും. എങ്കിലും എന്നെ അയച്ചവനെ അവർ അറിയായ്കകൊണ്ടു എന്റെ നാമം നിമിത്തം ഇതു ഒക്കെയും നിങ്ങളോടു ചെയ്യും*

വി. പൗലൂസ് തന്റെ ശിക്ഷയെ മുമ്പിൽ കണ്ടുകൊണ്ടിത് എഴുതി എന്നു കരുതാം.

തന്റെ നിര്യാണശേഷം എന്തെല്ലാം പ്രതികൂല സാഹചര്യങ്ങളിലൂടെ സഭ കടന്നുപോകും എന്ന് പൗലൂസിനു വെളിപ്പെട്ടു. നമ്മുടെ കർത്താവ് ഇതു തന്റെ ശിഷ്യരെ അറിയിച്ചിരുന്നു. ഇവിടെ പൗലൂസ് സഭയ്ക്കുള്ളിൽ നിന്നും അതുപോലെ പുറത്തുനിന്നും ധാരാളം എതിർപ്പും തകർച്ചയും വരുമെന്നുള്ള മുന്നറിയിപ്പ് തിമോത്തിക്കു കൊടുക്കുന്നു.

3:14-15 — 'ദുഷ്ടമനുഷ്യരും മായാവികളും' ദൈവജനത്തെ വഞ്ചിക്കാനായി ഇറങ്ങി പുറപ്പെട്ടിരിക്കുന്നു.

വഞ്ചിക്കുന്നവർക്കുള്ള ഫലം അവർതന്നെ വഞ്ചിക്കപ്പെടും എന്നുള്ളതത്രെ. Error feeds on itself.

തെറ്റ് വീണ്ടും തെറ്റിലേക്ക് നയിക്കപ്പെടും.

Timothy must be faithful to word of God. ദൈവവചനത്തിൽ വിശ്വസ്തതയോടെ നിലനിൽക്കണം.

fleettech@gmail.com

www.gospelinmalayalam.com

ഇതാണ് വി. പൗലൂസ് തിമോത്തിക്കു കൊടുത്ത ഉപദേശം. തിരുവെഴുത്തുകളെ മുറുകെ പിടിക്കുക.

വി. പൗലൂസ് ഇതുപറയുമ്പോൾ 'തിരുവെഴുത്ത്' = Old Testament

ബാല്യം മുതൽ തിമോത്തി തിരുവെഴുത്തുകളെ പഠിച്ചിട്ടുണ്ട്.

അതുപോലെ തന്നെ 'ഇന്നവനോട് പഠിച്ചു എന്നോർക്കുക' = St. Paul ൽ നിന്നു തനിക്കു ലഭിച്ച സുവിശേഷസത്യവും സഭയെ സംബന്ധിച്ചുള്ള ഉപദേശങ്ങളും.

ഈ വക ഇന്നു നമ്മുടെ കൈയ്യിൽ ഉള്ള 'New Testament'എന്ന നിലയിൽ ക്രോഡീകരിച്ച് കിട്ടിയത് അനേക വർഷങ്ങൾക്കു ശേഷമായിരുന്നു.

തിരുവെഴുത്തും (Old Testament Scripture) പൗലൂസിൽ നിന്നും പഠിച്ചതും തിമോത്തിയെ സത്യത്തിൽ ഉറച്ചു നിൽക്കാൻ തികച്ചും മതിയായത് എന്ന് പൗലൂസ് സ്ഥിരീകരിക്കുന്നു.

ഇന്നു നമുക്കുള്ള ഉപദേശവും ഇതുതന്നെ. ഇതിനോടു ചേർന്നു നിൽക്കുന്നതു പിൻപറ്റുക. ഈ രണ്ടു തിരുവെഴുത്തുകളോട് (contradict) എതിർത്തു നിൽക്കുന്നവയെ പിൻതള്ളുക.

3:16-17 ദൈവം നമുക്കു നൽകിയിരിക്കുന്ന 'തിരുവെഴുത്തു' (Scripture) 'നമ്മെ രക്ഷെയ്ക്കു' (Salvation) ന് ജ്ഞാനിയാക്കുവാൻ പൂർണ്ണമായും മതിയായതു തന്നെ.

തിമോത്തിക്കു ഈ വിഷയം നന്നായി അറിയാം. എങ്കിലും ഒന്നുകൂടി വിശേഷണം പൗലൂസ് കൊടുക്കുന്നു.

ദൈവവചനം (Scripture) എങ്ങനെ നമുക്കു ലഭിച്ചു? God breathed (ദൈവശ്വാസീയം)

ദൈവത്തിന്റെ പരിശുദ്ധാത്മാവിനാൽ മനുഷ്യർ നിയോഗം പ്രാപിച്ച് സംസാരിച്ചതാണ്.

Holy men of God spake as they were moved by the Holy Ghost (2 Pet 1:21)

2 Pet 1:21 *പ്രവചനം ഒരിക്കലും മനുഷ്യന്റെ ഇഷ്ടത്താൽ വന്നതല്ല, ദൈവകല്പനയാൽ മനുഷ്യർ പരിശുദ്ധാത്മനിയോഗം പ്രാപിച്ചിട്ടു സംസാരിച്ചതത്രേ.*

വേദപുസ്തക വചനങ്ങൾ പരസ്പരം contradict ചെയ്യുന്നില്ല.

കാരണം ആത്യന്തികമായി ഇതിന്റെ എഴുത്തുകാരൻ ദൈവത്തിന്റെ പരിശുദ്ധാത്മാവു തന്നെ. ആയതിനാൽ Timothy ഈ തിരുവെഴുത്തുകളെ ഏതെല്ലാം കാര്യങ്ങൾക്ക് ഉപയോഗിക്കണം.

1. ഉപദേശത്തിന് - For teaching - Instructing believers in God's Truth.

2. ശാസനത്തിന് - Rebuking those in sin (1 Tim 5:20), (2 Tim 4:2)

1 Tim 5:2 *മൂത്ത സ്ത്രീകളെ അമ്മമാരെപ്പോലെയും ഇളയ സ്ത്രീകളെ പൂർണ്ണനിർമ്മലതയോടെ സഹോദരികളെപ്പോലെയും പ്രബോധിപ്പിക്ക.*

2 Tim 4:2 *വചനം പ്രസംഗിക്ക; സമയത്തിലും അസമയത്തിലും ഒരുങ്ങിനിൽക്ക; സകല ദീർഘക്ഷമയോടും ഉപദേശത്തോടുംകൂടെ ശാസിക്ക; തർജ്ജനം ചെയ്ക; പ്രബോധിപ്പിക്ക*

3. ഗുണീകരണത്തിന് - Correcting those in error (2 Tim 2: 26)

2 Tim 2: 26 *പിശാചിനാൽ പിടിപെട്ടു കുടുങ്ങിയവരാകയാൽ അവർ സുബോധം പ്രാപിച്ചു അവന്റെ കണിയിൽ നിന്നു ഒഴിഞ്ഞു ദൈവേഷ്ടം ചെയ്യുമോ എന്നും വെച്ചു അവരെ സൌമ്യതയോടെ പഠിപ്പിക്കേണ്ടതും ആകുന്നു.*

4. നീതിയിലെ അഭ്യസനത്തിന് - Guiding new believers in God's ways.

ദൈവത്തിന്റെ മനുഷ്യൻ (Man of God) = ആത്മീക നേതൃത്വം കൊടുക്കാൻ നിയോഗം ഉള്ള വ്യക്തി.

fleettech@gmail.com

www.gospelinmalayalam.com

തനിക്കു ലഭിച്ച ആത്മീക നേതൃത്വം കുറവുകളില്ലാതെ പൂർണ്ണതയോടെ നിറവേറ്റാനായി 'തിരുവെഴുത്തു'കളെ ആശ്രയിക്കുക, ഉപയോഗിക്കുക. തിരുവെഴുത്തുകൾ എല്ലാ വിഷയങ്ങൾക്കും ഉത്തരം തരും.

He is equipped fully by the 'scriptures' to meet any need concerning the church.

തിമോത്തി തനിക്കു ലഭിച്ച തിരുവെഴുത്തിലെ അഭ്യസനം ഉപയോഗിച്ച് കർതൃശുശ്രൂഷയിൽ ജയാളിയായി ശോഭിക്കും എന്ന് വി. പൗലൂസ് ദൈവത്തിൽ ധൈര്യപ്പെടുന്നു.

fleettech@gmail.com